## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6584 — 08.11.2016 ൽ - മറുപടിക്ക്

## പുതിയ റേഷൻ കാർഡുകൾ തയ്യാറാക്കുന്നതിനുള്ള കരാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | പുതിയ റേഷൻ കാർഡുകൾ തയ്യാറാക്കുന്നതിന് സർക്കാർ കരാർ നൽകിയിരുന്നത് ആർക്കാണ്; | (എ) | റേഷൻ കാർഡിന്റെ ഇന്നർഷീറ്റുകൾ പ്രിന്റ് ചെയ്യുന്നതിന് കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്) യ്ക്കും പുറംചട്ട പ്രിന്റ് ചെയ്ത് ലാമിനേറ്റ് ചെയ്ത് സ്റ്റാപ്പിൾ ചെയ്യുന്നതിന് സി-ഡിറ്റിനുമാണ് കരാർ നൽകിയിരുന്നത്. |
| (ബി) | എത്ര തുകയ്ക്കാണ് കരാർ നൽകിയിരുന്നത്; | (ബി) | ഇന്നർ ഷീറ്റുകൾ പ്രിന്റ് ചെയ്യുന്നതിന് കാർഡൊന്നിന് 2.142 രൂപയും പുറംചട്ട പ്രിന്റ് ചെയ്ത് ലാമിനേറ്റ് ചെയ്ത് സ്റ്റാപ്പിൾ ചെയ്യുന്നതിന് കാർഡൊന്നിന് 13.50 രൂപയുമാണ് കരാർ ചെയ്തിരുന്നത്. |
| (സി) | നാളിതുവരെ എത്ര തുക ആയതിന്റെ ഭാഗമായി നൽകിയിട്ടുണ്ട്; | (സി) | തുക നൽകിയിട്ടില്ല. |
| (ഡി) | റേഷൻ കടകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഇ-റേഷൻ കാർഡുകൾ നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ റേഷൻകാർഡുടമകളുടെ മുഴുവൻ വിവരങ്ങളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഓരോ ഗുണഭോക്താവിനെയും ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന തിരിച്ചറിഞ്ഞ് ശരിയായ ഗുണഭോക്താവിനു മാത്രം റേഷൻ വിതരണം ചെയ്യുന്നതിന് റേഷൻ കടകളിൽ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇ-റേഷൻ കാർഡുകൾ നൽകുന്നതിന് തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ